പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3675

19.02.2013-ൽ മറുപടിക്ക്

## ട്രോളിംഗ് നിരോധനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

**ചോദ്യം**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

**ഉത്തരം**

**ശ്രീ. കെ.ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത് എന്നാണെന്നും എന്തിനാണെന്നും വ്യക്തമാക്കാമോ;

(എ) 1988 മുതലാണ് സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി തുടങ്ങിയത്. മത്സ്യങ്ങളുടെ പ്രധാന പ്രജനനകാലമായ മൺസൂൺ കാലത്ത് ട്രോളിംഗ് മൂലം മത്സ്യസമ്പത്തിനുണ്ടാകുന്ന ദോഷം പരിഹരിക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുക, മത്സ്യസമ്പത്ത് ശാസ്ത്രീയമായ അടിസ്ഥാനത്തിൽ സംരക്ഷിക്കുക, മൺസൂൺ കാലയളവിൽ പ്രക്ഷുബ്ധമായ കടലിൽ ഉണ്ടാകാനിടയുള്ള അപകടങ്ങൾ ഒഴിവാക്കി മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തും സംരക്ഷിക്കുക, പരമ്പരാഗത മത്സ്യത്തൊഴിലാളികളും യന്ത്രവൽകൃത യാനങ്ങളിലെ മത്സ്യത്തൊഴിലാളികളും തമ്മിൽ ഉണ്ടാകാനിടയുള്ള സംഘർഷങ്ങൾ ഒഴിവാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് മൺസൂൺ കാല ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത്.

(ബി) ട്രോളിംഗ് നിരോധനത്തെ തുടർന്ന് കേരള തീരത്ത് മത്സ്യസമ്പത്ത് വർദ്ധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം നടപ്പിലാക്കിയതിനുശേഷം കടൽ മത്സ്യോത്പാദനത്തിൽ, ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിനു മുമ്പുള്ളതിനെക്കാൾ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ട്രോളിംഗ് നിരോധനത്തിന് മുൻപും തുടർന്ന് ഓരോ വർഷവും ലഭിച്ച മത്സ്യസമ്പത്ത് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ?

(സി) ട്രോളിംഗ് നിരോധനത്തിനു മുമ്പും തുടർന്നും ഓരോ വർഷവും ലഭിച്ച മത്സ്യത്തിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>ട്രോളിംഗ് നിരോധനവും കടൽ മത്സ്യോത്പാദനവും</u>

സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം നടപ്പിലാക്കി തുടങ്ങിയ വർഷം മുതൽ കടൽ മത്സ്യോത്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| വർഷം | മത്സ്യോത്പാദനം (ടൺ) | |
|---|---|---|
| 1984 | 424717 | ട്രോളിംഗ് നിരോധനത്തിന് മുമ്പ് |
| 1985 | 332503 | |
| 1986 | 335056 | |
| 1987 | 283154 | |
| 1988 | 468808 | ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി തുടങ്ങിയതിന് ശേഷം |
| 1989 | 647546 | |
| 1990 | 662890 | |
| 1991 | 564161 | |
| 1992 | 560742 | |
| 1993 | 574739 | |
| 1994 | 568034 | |
| 1995 | 531646 | |
| 1996 | 572055 | |
| 1997 | 574774 | |
| 1998 | 542696 | |
| 1999 | 580773 | |
| 2000 | 610952 | |
| 2001-2002 | 593783 | |
| 2002-2003 | 603286 | |
| 2003-2004 | 608525 | |
| 2004-2005 | 602467 | |
| 2005-2006 | 558913 | |
| 2006-2007 | 5.92 | |
| 2007-2008 | 6.19 | |
| 2008-2009 | 6.72 | |
| 2009-2010 | 5.70 | |
| 2010-2011 | 5.60 | |
| 2011-2012 | 5.53 | |

Jayasree
സെക്ഷൻ ഓഫീസർ